**1254**

*പാടുവിൻ സഹജരെ*

മംഗളം മംഗളമേ നവ വധൂവരന്മാർക്കു
മംഗളം മംഗളം മംഗളമേ

1 ജീവിതപ്പൊൻ ലതികയിൽ പുതിയൊരു പ്രേമത്തിൻ പൂവിടർന്നു
പാരിലെങ്ങും പരമസന്തോഷത്തിൻ പരിമളം പരത്തിടട്ടെ-

2 ആദിയിലാദാമിന്നു തുണയ്ക്കൊരു നാരിയെ കൊടുത്തവനാം
ആദിനാഥനരുളണമിവർക്കും അനന്ത സൗഭാഗ്യമെല്ലാം-

3 മുന്നമേ തൻ ദൈവത്തിൻ രാജ്യവും നീതിയും തേടുകയാൽ
മന്നിലെങ്ങുമിവരുടെ ജീവിതം മാതൃകയായിടട്ടെ-

4 മംഗളമേ ............ന്നും മംഗളമേ............ക്കും
മംഗളം മേൽഭവിക്കേണമിരുവർക്കും ഭംഗമില്ലാതിനിയും-
**M.E.C.**